"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. രാജു. കെ യ്ക്ക് 'ഒപ്പ് കടലാസ്' എന്ന സിനിമയിൽ അഭിനയിക്കുന്നതിന് സോപാധിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1472/2022/LSGD തീയതി,തിരുവനന്തപുരം, 18-06-2022

പരാമർശം:- 1. ശ്രീ. രാജു. കെ സമർപ്പിച്ച 03.02.2021 ലെ അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 20.04.2022 ലെ PAN/2071/2021-E10(DP) നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. രാജു. കെ സിനിമയിൽ അഭിനയിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീ. രാജു. കെ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) അപേക്ഷയിൽ ശ്രീ. രാമൻ വിശ്വനാഥ് സംവിധാനം നിർവഹിക്കുന്ന 'ഒപ്പ് കടലാസ്' എന്ന സിനിമയിൽ അഭിനയിക്കുന്നതിന് അവസരം ലഭിച്ചിട്ടുള്ളതായും സർക്കാരിനേയോ സർക്കാർ നയങ്ങളേയോ അപകീർത്തിപ്പെടുത്താത്തവിധത്തിലും ടിയാന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സം നേരിടാത്ത വിധത്തിലും പ്രതിഫലം പറ്റാതെയും സിനിമയിൽ അഭിനയിച്ചു കൊള്ളാമെന്നും ആയതിലേക്ക് ആവശ്യമായ സർക്കാർ അനുമതി നൽകണമെന്നും അപേക്ഷിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ഒന്നാമത്തെ പ്രൊവിസോ പ്രകാരം ശാസ്ത്ര, കലാ - സാംസ്കാരിക, സാമൂഹിക, സാഹിത്യ രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തതരത്തിലും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് സോപാധിക അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ, തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു.

3. മേൽ സാഹചര്യത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. രാജു. കെ യ്ക്ക് പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തതരത്തിലും 'ഒപ്പ് കടലാസ്' എന്ന സിനിമയിൽ അഭിനയിക്കുന്നതിന് സോപാധിക

അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. രാജു. കെ, ഓഫീസ് അറ്റൻഡന്റ്, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്. കൊല്ലം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നം. ഇപിഎ2/271/2021-തസ്വഭവ )

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 18-06-2022 12:22:53

സെക്ഷൻ ഓഫീസർ